## 48

# ഗുണമുള്ള ഹൃദയ ങ്ങളെ തേടൽ

## (16:40–17:15)

യേശു വിതക്കാരന്റെ ഉപമ വിശദീകരിച്ചപ്പോൾ, അവൻ നല്ല മണ്ണിൽ വീണ വിത്ത് നല്ല മണ്ണിലുള്ളതോ "വചനം കേട്ടു *ഗുണമുള്ള നല്ല ഹൃദയത്തിൽ,* സംഗ്രഹിച്ചു, ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നെ" (ലൂക്കൊസ് 8:15; എംഫസിസ് മൈൻ). "ഗുണമുള്ള സത്യസന്ധമായ ഹൃദയങ്ങളാണ്" നമ്മുടെ ഇന്നത്തെ ഏറ്റവും വലിയ ആവശ്യം. അത് ഏതു തരം ഹൃദയങ്ങളാണെന്ന ഏറ്റവും നല്ല വിശദീകരണങ്ങളിൽ ഒന്ന് ഈ പാഠത്തിൽ കണ്ടെത്താം: "ഇപ്പോൾ അവർ [ബെരോവയിലെ യെഹൂദന്മാർ] തെസ്സലൊനികൃയിലുള്ളവരേക്കാൾ ഉത്തമ - ന്മാരായിരുന്നു, അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ, അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി, തിരുവെഴുത്തുകളെ പരിശോധിച്ചു വന്നു" (പ്രവൃത്തികൾ 17:11). ഗൗരവമായി ആത്മാക്കളെ - നേടുന്ന ഓരോരുത്തരും ഗുണമുള്ള ഹൃദയങ്ങളെ നോക്കും, ഗ്രീസിൽ തന്റെ യാത്ര തുടർന്നപ്പോൾ പൗലൊസ് ഇത്തരം ഹൃദയങ്ങളെയാണ് നോക്കിയിരിക്കുന്നത്.

### ഫിലിപ്പിയയിൽ ഗുണമുള്ള ഹൃദയങ്ങളെ തേടൽ (16:40)

പൗലൊസും കൂട്ടരും ഗുണമുള്ള ഹൃദയങ്ങളെ ഫിലിപ്പിയയിൽ നോക്കിയതുകൊണ്ട് - ലൂദിയയിൽ, കാരാഗൃഹ പ്രമാണിയേയും, കുടുംബത്തെയും കണ്ടെത്തി എന്ന്, നമ്മുടെ കഴിഞ്ഞ രണ്ടു പാഠങ്ങളിൽ നാം പഠിച്ചു. അവർ മറ്റുള്ളവരേയും കണ്ടെത്തിയതായി 16-ാം അദ്ധ്യായത്തിന്റെ അവസാന വാക്യത്തിൽ ഉണ്ട്: "അവർ ... തടവു വിട്ടു ലുദിയയുടെ വീട്ടിൽ ചെന്നു, സഹോദരന്മാരെ കണ്ടു, ആശ്വസിപ്പിച്ച ശേഷം പുറപ്പെട്ടുപോയി" (വാക്യം 40). അസംഖ്യം "സഹോദരന്മാരെ" നല്കി ദൈവം അവരുടെ പരിശ്രമങ്ങളെ അനുഗ്രഹിച്ചു.

ഇടവക ആരംഭിച്ചതിന്റെ കൂടുതൽ വിശദീകരണം ലൂക്കൊസ് രേഖപ്പെടുത്തിയിട്ടില്ല. പിന്നീട്, റോമിൽ നിന്നു പൗലൊസ് ഫിലിപ്പിയ സഭക്കു

എഴുതുമ്പോൾ, പൗലൊസ് സംബോധന ചെയ്തതു "ഫിലിപ്പിയയിൽ, ക്രിസ്തു യേശുവിലുള്ള സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും എഴുതുന്നതു എന്നാണ്" (ഫിലിപ്പിയർ 1:1). മറ്റൊരു വിധത്തിൽ മൂപ്പന്മാരെ പറയുന്നതാണ് "അദ്ധ്യക്ഷന്മാർ" എന്ന്. ഒരു പക്ഷേ അവൻ വിട്ടു പോകുന്നതിനു മുൻപ് സഭയുടെ സംഘടന എങ്ങനെ എന്ന് അവരെ പഠിപ്പിച്ചിരിക്കാം (പ്രവൃത്തികൾ 14:23); ഒരു പക്ഷേ അതു പിന്നീടു സംഭവിച്ചതുമാകാം.

പൗലൊസും ശീലാസും ലൂദിയയുടെ വീട്ടിൽ ചെന്നു സഹോദരന്മാരെ ആശ്വസിപ്പിച്ചശേഷം, അവർ "പുറപ്പെട്ടുപോയി" (16:40). മറ്റു സ്ഥലങ്ങളിൽ ഗുണമുള്ള ഹൃദയങ്ങൾ നോക്കുവാനായി. അതുകൊണ്ട്, ലൂക്കൊസ് അവിടെത്തന്നെ താമസിച്ച് ആ പ്രാരംഭ ഇടവകയിൽ തുടർന്നു പ്രവർത്തിച്ചു. ഈ തീർപ്പിൽ നാം എത്തുവാൻ കാരണം ലൂക്കൊസ് പിന്നെ ഫസ്റ്റ് പേഴ്സൻ ("ഞങ്ങൾ") എന്ന പ്രയോഗം പൗലൊസും ശീലാസും വിട്ടുപോയ ശേഷം - കാണുന്നതു 20:5, 6–ൽ, പൗലൊസ് വീണ്ടും ഫിലിപ്പിയ സന്ദർശിച്ചപ്പോഴാണ്. (അവൻ വിട്ടുപോയ ശേഷവും പൗലൊസിൽ ഫിലിപ്പിയ സഭക്കുള്ള വ്യക്തിപരമായ താൽപര്യം മനസിലാക്കുവാൻ ലൂക്കൊസിന്റെ ഫിലിപ്പിയയിലെ താമസം വിശദീകരിക്കേണ്ടിയിരിക്കുന്നു.) ചിലർ വിചാരിക്കുന്നതു, തിമൊഥെയൊസ് അവിടെ കൂടുതൽ നാൾ താമസിക്കയും, അവസാനം ബെരോവയിൽ വെച്ച് പൗലൊസിനോടും ശീലാസിനോടും ചേരുകയും ചെയ്തു എന്നാണ്.[1]

### തെസ്സലൊനിക്കയിൽ ഗുണമുള്ള ഹൃദയങ്ങളെ തേടൽ (17:1-10)

പൗലൊസും ശീലാസും പുറപ്പെട്ടുപോയി, അവർ പടിഞ്ഞാറോട്ട് ഇഗ്നേഷൻ വഴി കടന്ന്, റോമിലേക്ക് ആഘോഷത്തിനു പോകുന്ന പുരുഷാരത്തോട് ചേർന്നു.[2] ഒരു ദിവസത്തെ വഴി നടന്ന് അവർ അംഫിപൊലിയിലെത്തി, ഫിലിപ്പിയ സ്ഥിതി ചെയ്തിരുന്നതിന്റെ ജില്ലാ തലസ്ഥാനമായിരുന്നു അംഫിപൊലി.[3] മറ്റൊരു ദിവസത്തെ വഴി അവരെ അപ്പൊലോന്യയിലെത്തിച്ചു (വാക്യം 1). അംഫിപ്പൊലിസും അപ്പൊല്യോനിയും ചെറിയ സ്ഥലങ്ങളായതുകൊണ്ട്, അവർ അവിടെ പ്രസംഗിക്കാൻ നിന്നില്ല.[4] അവരുടെ ലക്ഷ്യം മക്കെദ്യോന്യയുടെ തലസ്ഥാനമായിരുന്നു: തെസ്സലൊനീക്യ. മഹാനായിരുന്ന അലെക്സാണ്ടർ ചക്രവർത്തിയുടെ സഹോദരിയുടെ പേരാണ്, തെസ്സലൊനീക്യ ഒരു സ്വതന്ത്ര പട്ടണവും,[5] ആ ഭാഗത്തുള്ള മുഖ്യ തുറമുഖവും[6] എഫെസ്യരും കൊരിന്ത്യരും പരസ്പരം മത്സരിച്ചു വ്യാപാരം നടത്തുമായിരുന്നു.

ഇഗ്നേഷൻ വഴി തെസ്സലൊനിക്യയുടെ മദ്ധ്യഭാഗത്തുകൂടെ മുഖ്യവീഥിരൂപപ്പെടുത്തി, കടന്നു പോയിരുന്നു. പൗലൊസും ശീലാസും തലസ്ഥാന പട്ടണത്തിൽ എത്തിയപ്പോൾ, ഫിലിപ്പിയയിൽ നിന്നു വ്യത്യസ്തമായി, അവർ അതു കണ്ടെത്തി, തെസ്സലൊനിക്യയിൽ നല്ലൊരു കൂട്ടം യെഹൂദ ജനസംഖ്യയുണ്ടായിരുന്നു എന്ന്. പൗലൊസിന് അങ്ങനെ അവരുടെ പള്ളിയിൽ പോയി പ്രവർത്തനം ആരംഭിക്കാൻ സാധിച്ചു:

> അവിടെ യെഹൂദന്മാരുടെ ഒരു പള്ളി ഉണ്ടായിരുന്നു പൗലൊസ് പതിവുപോലെ അവരുടെ അടുക്കൽ ചെന്നു, മൂന്നു ശബ്ബത്തിൽ[7] തിരുവെഴുത്തുകളെ ആധാരമാക്കി, അവരോട് വാദിച്ചു. ക്രിസ്തു കഷ്ടം അനുഭവിക്കയും മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും ചെയ്യേണ്ടതു എന്നും, "ഞാൻ നിങ്ങളോട് അറിയിക്കുന്ന ഈ യേശു തന്നേ ക്രിസ്തു" എന്നും തെളിയിച്ചു വിവരിച്ചു കൊണ്ടിരുന്നു (വാക്യങ്ങൾ 1–3).

പൗലൊസിന്റെ യെഹൂദന്മാരോടുള്ള പ്രസംഗം രൂപപ്പെടുത്തിയിരിക്കുന്നത് ഈ നാലുക്രിയകളിലാണ്: (1) അവൻ വാദിച്ചു, (2) അവൻ വിവരിച്ചു, (3) അവൻ തെളിയിച്ചു (തെളിവു കൊടുത്തു), (4) അവൻ പ്രഖ്യാപിച്ചു. പൗലൊസിന്നു രണ്ടു ലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്: ക്രിസ്തു (മശിഹ) കഷ്ടം അനുഭവിക്കയും മരിച്ചു മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കയും വേണമെന്ന് പഴയനിയമ തിരുവെഴുത്തിലൂടെ തെളിയിക്കയും, അവർ കാത്തിരുന്ന – മശിഹ തന്നെയായിരുന്നു ക്രിസ്തു എന്നും തെളിയിക്കണമായിരുന്നു. ഈ ലക്ഷ്യങ്ങളിൽ ഒന്ന് വിഷമകരമായിരുന്നു, കഷ്ഠതയനുഭവിക്കുന്ന രക്ഷകനെ യെഹൂദന്മാർക്കു വിശ്വസിക്കുവാൻ പ്രയാസമായിരുന്നു (1 കൊരിന്ത്യർ 1:23). അവരുടെ എതിർപ്പുകളെ പൗലൊസ് നേരിട്ടത് "തെളിവുകൾ നല്കിക്കൊണ്ടാണ്" – അതു ഗ്രീക്കുവാക്കു തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "ടു ലെ എലോങ്ങ് സൈഡ്" എന്നാണ്. അവൻ ആദ്യം പഴയനിയമ പ്രവചനങ്ങൾ ഉദ്ധരിക്കും പിന്നെ "ലേ എലോങ്ങ് സൈഡ്" യേശുവിനെ കുറിച്ചുള്ള വസ്തുതകൾ കിടക്കുന്നതു കാണിക്കും.[8]

ഗുണമുള്ള ഹൃദയങ്ങളിൽ സുവിശേഷത്തിന്റെ വിത്ത് വിതയ്ക്കുമ്പോൾ, വ്യക്തമായുംകൊയ്ത്തുണ്ടാകും (ലൂക്കൊസ് 8:8). അതുകൊണ്ട് നാം വായിക്കുന്നു, "അവരിൽ ചിലരും ദൈവ – ഭക്തിയുള്ള[9] യവനന്മാരിൽ, ഒരു വലിയ കൂട്ടവും മാന്യസ്ത്രീകളിൽ അനേകരും വിശ്വസിച്ചു പൗലൊസിനോടും ശീലാസിനോടും ചേർന്നു" (വാക്യം 4). "ചിലർ" എന്ന വാക്ക് ശ്രദ്ധിക്കുക: കുറച്ചു യെഹൂദന്മാരേ ക്രിസ്ത്യാനികളായിത്തീർന്നുള്ളു. നേരെ മറിച്ച്, ജാതികളിൽ നിന്നു "ഒരു വലിയ പുരുഷാരം" ദൈവ – ഭക്തിയുള്ളവർ[10] ക്രിസ്ത്യാനികളായി തീർന്നെങ്കിൽ, "മാന്യസ്ത്രീകളിൽ" പള്ളിയിൽ ചെന്നിരുന്ന അനേകം സ്ത്രീകളും ഉൾപ്പെട്ടിരുന്നു.[11]

പൗലൊസിന്റെ തെസ്സലൊനീക്യർക്കുള്ള ലേഖനത്തിൽ നിന്നും, പള്ളിക്കു പുറത്തും പൗലൊസും ശീലാസും ധാരാളം പ്രസംഗങ്ങൾ, പട്ടണത്തിലെ വിഗ്രഹാരാധികളോട് നടത്തിയിരുന്നു എന്നു വെളിപ്പെടുത്തുന്നു (1 തെസ്സലൊനിക്യർ 1:9). ആ ലേഖനങ്ങളിൽ, അവൻ എങ്ങനെ വചനം പ്രസംഗിച്ചു എന്നു വ്യക്തമാക്കിയിട്ടുണ്ട് (1 തെസ്സലൊനിക്യർ 1:6; 2:2, 14), പൗലൊസും ശീലാസും അത്ഭുതങ്ങൾ പ്രവർത്തിച്ചതും വെളിപ്പെടുത്തിയിട്ടുണ്ട് (1 തെസ്സലൊനിക്യർ 1:5), അവനും ശീലാസും അവിടെ പ്രവർത്തിക്കുമ്പോൾ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ (1 തെസ്സലൊനിക്യർ 2:7, 8).[12] അവൻ പറഞ്ഞു, അവിടെ ശുശ്രൂഷ ചെയ്യു

മ്പോൾ, അവനും ശീലാസും കൈകൊണ്ട് അദ്ധ്വാനിച്ച് അവർ ഉപജീവനം നടത്തും (1 തെസ്സലൊനിക്യർ 2:9).[13] എങ്ങനെയായാലും, സുപ്രധാനമായി പൗലൊസിന്, തെസ്സലൊനിക്യയിൽ സുവിശേഷത്തിനു ഗുണമുള്ള ധാരാളം പ്രതികരണങ്ങൾ ലഭിച്ചു:

> ... ഞങ്ങൾക്കു നിങ്ങളുടെ അടുക്കൽ എങ്ങനെയുള്ള പ്രവേശനം സാധിച്ചു എന്നും ജീവനുള്ള സത്യദൈവത്തെ സേവിപ്പാനും, അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള, കോപത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽ നിന്നു വരുന്നതുകാത്തിരിപ്പാനും, നിങ്ങൾ വിഗ്രഹങ്ങളെ വിട്ടു ദൈവത്തിലേക്കു എങ്ങനെ തിരിഞ്ഞുവന്നു എന്നും അവർ തന്നെ പറയുന്നു (1 തെസ്സലൊനിക്യർ 1:9, 10).
>
> ... ഞങ്ങൾ ... പ്രസംഗിച്ച ദൈവവചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനമായിട്ടല്ല, സാക്ഷാൽ ആകുന്നതു പോലെ ദൈവവചനമായിട്ടു തന്നെ കൈകൊണ്ടതിനാൽ, ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു. വിശ്വസിക്കുന്ന നിങ്ങളിൽ, അതു വ്യാപരിച്ചുകൊണ്ടിരുന്നു (1 തെസ്സലൊനിക്യർ 2:13).

പ്രതികരിച്ച രണ്ടു പേർ അരിസ്തർഫൊസും സെക്കുന്തോവും ആയിരുന്നു (20:4; 27:2).[14]

തെസ്സലൊനീക്യർ ക്രിസ്ത്യാനികളായിത്തീർന്ന ശേഷവും, പൗലൊസ് അവരെ തുടർന്നു പഠിപ്പിച്ചു കൊണ്ടിരുന്നു (1 തെസ്സലൊനിക്യർ 4:2, 3, 6; 2 തെസ്സലൊനിക്യർ 2:15; 3:10), താൻ വിട്ടുപോയാൽ അവർ പാലിക്കേണ്ടതെല്ലാം അവരെ പഠിപ്പിച്ചു. അവരെ പഠിപ്പിച്ചതിൽ, അവർക്കും അവനും വരുവാനിരിക്കുന്ന പരീക്ഷണങ്ങളെയും – അവൻ ഓർപ്പിച്ചു.[15] പിന്നീട്, അവൻ എഴുതി, "നാം കഷ്ടമനുഭവിക്കേണ്ടിവരും എന്നു ഞങ്ങൾ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ മുമ്പുകൂട്ടി പറഞ്ഞിട്ടുണ്ട്, അവ്വണ്ണം തന്നേ സംഭവിച്ചു എന്നു നിങ്ങൾ അറിയുന്നു" (1 തെസ്സലൊനിക്യർ 3:4).

കുഴപ്പം വരാൻ താമസിച്ചില്ല, കാരണം ഓരോ ഗുണമുള്ള ഹൃദയത്തിനും, നൂറുകണക്കിനു കഠിന ഹൃദയരുണ്ട്. പൗലൊസിന്റേയും ശീലാസിന്റേയും വിജയം തുടർന്നുകൊണ്ടിരുന്നു, വിശ്വസിക്കാതിരുന്ന യെഹൂദന്മാർ ജനങ്ങളെ ഇവർക്കെതിരെ ഇളക്കി വിടാനും തുടങ്ങി. നാം വായിക്കുന്നതു "യെഹൂദന്മാരോ, അസൂയ പൂണ്ടു[16] മിനക്കെട്ടു നടക്കുന്ന ചില ദുഷ്ടന്മാരെ ചേർത്തു പുരഷാരത്തെ ഇളക്കി, പട്ടണത്തിൽ കലക്കം ഉണ്ടാക്കി" (പ്രവൃത്തികൾ 17:5), "ഫ്രം (ദ) മാർക്കറ്റ് പ്ലെയിസ്" എന്നതു *അഗോറേഷൻ* എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ്, അതിന്റെ അയഞ്ഞ തർജ്ജിമ "അഗോറാ മെൻ" എന്നാണ്. അഗോറാ (അല്ലെങ്കിൽ ഫോറം) നഗരത്തിന്റെ ഹൃദയഭാഗമായിരുന്നു[17] – അതു മതത്തിന്റേയും, രാഷ്ട്രീയത്തിന്റേയും, വ്യാപാരത്തിന്റേയും കേന്ദ്രമായിരുന്നു. മനുഷ്യ സ്വഭാവം എല്ലാ കാലത്തും ഒരു പോലെയാണ്, അതുകൊണ്ട് അവിടെ മെനക്കെട്ടു

നടക്കുന്നവർ ഉണ്ടായിരുന്നതിൽ അതിശയിക്കാനില്ല, അവർ ദ്രോഹിക്കാൻ എപ്പോഴും തയ്യാറാണ്.[18] ഈ "അഗോറാ മെൻ" എന്നവരെ കുറിച്ചു സിസ്സേറോ സൂചിപ്പിക്കുന്നത്, "ചെറിയ - പ്രസംഗപീഠക്കാർ" എന്നാണ്: അഗോറയിൽ പ്രസംഗപീഠത്തിന്[19] കീഴിലുള്ളവർ, പ്രസംഗിക്കുന്നവരെ ബുദ്ധിമുട്ടിക്കുവാൻ ഒരുങ്ങി നില്ക്കും. ഇവരെ അഭിനന്ദിക്കുന്നതിനോ വിഷമിപ്പിക്കുന്നതിനോ കൂലി കൊടുത്തു കൊണ്ട് വരുന്നവരാണ്. പ്രവൃത്തികൾ 17-ാം അദ്ധ്യായത്തിൽ ഭയാനകമായ പ്രവൃത്തിക്കു ഇവരെ കൂലിക്കെടുത്തു കൊണ്ടുവന്നതായി കാണുന്നു. ലൂക്കൊസ് പറയുന്നു യെഹൂദന്മാർ, "അസൂയ പൂണ്ടു പുരുഷാരത്തെ ഇളക്കി, പട്ടണത്തിൽ കലഹം ഉണ്ടാക്കി" (വാക്യം 5).

യാസോൻ എന്ന ആളുടെ വീട്ടിലായിരുന്നു പൗലൊസും ശീലാസും പാർത്തിരുന്നത് (വാക്യം 7), അതുകൊണ്ട് പുരുഷാരം അങ്ങോട്ടു പോയി. "യാസോന്റെ വീടുവളഞ്ഞു,[20] അവരെ [പൗലൊസും ശീലാസും] ജനസമൂഹത്തിൽ കൊണ്ടുവരാൻ ശ്രമിച്ചു" (വാക്യം 5). "ജനസമൂഹം" എന്ന വാക്ക് *ഡെമോസ്* എന്ന വാക്ക് തർജ്ജിമ ചെയ്തതാണ്, അതിൽ നിന്നാണ് നമുക്ക് "ഡെമോക്രസി" (ആളുകളാലുള്ള ഗവൺമെന്റ്) എന്നു വാക്ക് കിട്ടിയത്. ഒരു സ്വതന്ത്ര പട്ടണം ആയിരുന്നതുകൊണ്ട്, തെസ്സലൊനിക്യ ആളുകളുടെ സഭയാൽ സ്വയം - ഭരണം നടത്തിയിരുന്നു. പുരുഷാരം ഈ സഭയുടെ മുൻപിലേക്കാണ് മിഷണറിമാരെ വലിച്ചിഴച്ച് കൊണ്ടു വന്നത്.

പൗലൊസോ ശീലാസോ അപ്പോൾ വീട്ടിലില്ലായിരുന്നു, അല്ലെങ്കിൽ പുരുഷാരം വരുന്നതറിഞ്ഞ് സഹോദരന്മാർ പൗലൊസിനേയും ശീലാസിനേയും അവർ എത്തുന്നതിനു മുൻപു ദൂരെ മാറ്റിയെന്നോ ആവാം.[21] നിരാശകൊണ്ട്, യെഹൂദന്മാർ യാസോനെയും മറ്റു പുതിയ ക്രിസ്ത്യാനികളെയും "നഗരാധിപന്മാരുടെ അടുക്കലേക്കു" ഇഴെച്ചു (വാക്യം 6). "നഗരാധിപന്മാർ" എന്ന വാക്ക് *പോളിറ്റാർച്ചാസ്* എന്ന ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തതാണ് "സിറ്റി" (*പോളിസ്*) എന്നും "റൂളെർ" (*ആർച്ച്*) എന്നും ചേർന്നതാണ്. തെസ്സലൊനിക്യയിൽ നടത്തിയ ഭൂഗർഭ പഠനം വ്യക്തമാക്കുന്നത് അവിടെ ഭരണം നടത്തിയിരുന്നത്. അഞ്ച് അല്ലെങ്കിൽ ആറു പുരുഷന്മാരടങ്ങുന്ന "പോളിറ്റാർച്ച്സ്" ആണ്.[22]

യെഹൂദന്മാർ സഭയുടെ മുൻപിൽ വന്നപ്പോൾ, അവർ അസഹിഷ്ണരായതിന്റെ യഥാർത്ഥകാരണം വ്യക്തമാക്കിയില്ല - സുവിശേഷ വിജയത്തോടുള്ള അസൂയയായിരുന്നു. ഫിലിപ്പിയയിലെ ആ അടിമയുടെ യജമാനന്മാർ പറഞ്ഞതുപോലെ, ഇവരും ഭോഷ്ക്കുകൾ പറഞ്ഞു - പൗലൊസും ശീലാസും കുഴപ്പക്കാരാണെന്ന്, റോമിന്റെ താല്പര്യത്തിനും ന്യായപ്രമാണത്തിനും അവർ എതിരാണത്രേ. അവർ ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി: "ഭൂലോകത്തെ കലഹിപ്പിച്ചവർ ഇവിടെയും എത്തി; യാസോൻ അവരെ കൈക്കൊണ്ടുമിരിക്കുന്നു,[23] അവർ ഒക്കെയും യേശു എന്ന മറ്റൊരുവൻ രാജാവു, യേശു എന്നു പറഞ്ഞതുകൊണ്ട്, കൈസരുടെ[24] നിയമങ്ങൾക്കു പ്രതികൂലമായി പ്രവർത്തിക്കുന്നു എന്നു നിലവിളിച്ചു" (വാക്യങ്ങൾ 6, 7). പൗലൊസിന്റേയും ശീലാസിന്റേയും *അസാന്നിദ്ധ്യത്തിൽ* രണ്ടു പ്രത്യേക ആരോപണങ്ങൾ അവർക്കെതിരെ ഉന്നയിച്ചു:

(1) അവർ കുഴപ്പമുണ്ടാകുന്നു, (2) അവർ കൈസരിനു എതിരായി, മറ്റൊരു യേശു രാജാവെന്നു അവകാശപ്പെട്ടു.[25] ഒന്നാമത്തേത് തികച്ചു അസത്യമായിരുന്നു; പൗലൊസും ശീലാസുമായിരുന്നില്ല, യെഹൂദന്മാരായിരുന്നു, "പട്ടണത്തിൽ കലഹമുണ്ടാക്കിയത്" (വാക്യം 5). രണ്ടാമത്തേത് ധൈര്യപൂർവ്വം മിഷണറിമാർ പ്രസംഗിച്ചതിനെ തെറ്റായി വിവരം നല്കിയതാണ്:[26] യേശു രാജാവാണ് (1 തിമൊഥെയൊസ് 6:15); എന്നാൽ അവന്റെ രാജ്യം "ഈ ലോകപ്രകാരമുള്ളതല്ല" (യോഹന്നാൻ 18:36), അവൻ ഒരിക്കലും കൈസരിനു എതിരായിരുന്നില്ല (മത്തായി 22:21). യാസോനെതിരായ ആരോപണം, അവൻ ആ കുഴപ്പക്കാർക്കു കൂട്ടുനിൽക്കുകയും സഹായിക്കുകയും ചെയ്തു എന്നതായിരുന്നു.

യെഹൂദന്മാരുടെ വാക്കുകൾ പൗലൊസിനേയും ശീലാസിനേയും ബുദ്ധിമുട്ടിപ്പിക്കുന്നതിനായിരുന്നു. എങ്ങനെയായാലും, അവരറിയാതെ, അവർ ചെയ്തതു സുവിശേഷശക്തിക്ക് ഏറ്റവും ഉയർന്ന അനുമോദനമാണ് നല്കിയത്. ഗ്രീക്ക് ഫ്രെയിസ് തർജ്ജിമ ചെയ്തത് "ഇവർ ... ലോകത്തെ കലക്കിയവർ" അക്ഷരിക അർത്ഥം "ഇവരാണ് *ലോകത്തെ കീഴ്മേൽ മറിച്ചവർ.*"[27] (എംഫസിസ് മൈൻ). "കീഴ്മേൽ മറിക്കൽ" എന്ന പ്രയോഗം മുക്കുവർ തങ്ങളുടെ ബോട്ടിന്റെ അടിഭാഗം ചുരണ്ടുന്നതിനും, തിരിച്ചിട്ട് അടിയിൽ ദ്വാരം അടച്ച്, കേടുപാട് തീർക്കു ന്നതിനും, പെയിന്റ് അടിക്കുന്നതും ചെയ്യുന്നതിനെയാണ്. *പാപ*മാണ് ലോകത്തെ കീഴ്മേൽ മറിച്ചത് എന്ന കാര്യമാണ് യെഹൂദന്മാർ തിരിച്ചറിയാത്തത് (ഉല്പത്തി 3) അവസാനം സുവിശേഷമാണ് അവരെ നേരെ നിർത്തുന്നത്! ഇന്നു നമ്മുടെ സുവിശേഷ പ്രസംഗത്തെ ആളുകൾ "ലോകത്തെ കീഴ്മേൽ മറിക്കുന്നവർ" എന്നു പറഞ്ഞിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു!

യെഹൂദന്മാർ അവരുടെ കള്ളം പറഞ്ഞപ്പോൾ, അജ്ഞതയും ദുരഭിമാനവും ദുഷ്ടഹൃദയങ്ങളിൽ വിജയിച്ചു: "ഇതു കേട്ടിട്ടു പുരുഷാരവും നഗരാധിപന്മാരും ഭ്രമിച്ചു യാസോൻ മുതലായവരോടു, ജാമ്യം വാങ്ങി അവരെ വിട്ടയച്ചു" (പ്രവൃത്തികൾ 17:8, 9).[28] "ജാമ്യം" എന്നതു അവർ പിന്നീട് കുഴപ്പമുണ്ടാക്കാതിരിക്കാൻ, ഉറപ്പ് മുൻകൂട്ടി വാങ്ങുകയായിരുന്നു. ഒരു പക്ഷേ ഒരു വലിയ സംഖ്യ പണമാകാം; അല്ലെങ്കിൽ അവരുടെ വസ്തുവോ വീടോ ആയിരിക്കാം, പൗലൊസും ശീലാസും ടൗൺ വിട്ടുപോകേണ്ടതിനായിരുന്നു (1 തെസ്സലൊനിക്യർ 2:18 നോക്കുക).

അധികാരികൾ എന്തെല്ലാം നിബന്ധനകൾ വെച്ചാലും, ഇടവക പൗലൊസിന്റെ സുരക്ഷയെ കരുതിയിരുന്നു. ഇരുട്ടുള്ള രാത്രിയിൽ, ക്രിസ് ത്യാനികൾ "ഉടനെ പൗലൊസിനേയും ശീലാസിനേയും ... ദൂരെ ബെരോവക്ക് അയച്ചു" (പ്രവൃത്തികൾ 17:10). പൗലൊസ് ഹൃദയഭാരത്തോ ടെയാണ് പോയത്, ആ ചെറിയ വഴങ്ങുന്ന ഇടവകയെ പിന്നിൽ വിട്ടിട്ടാണ് പോയത് (1 തെസ്സലൊനിക്യർ 1:6; 2:14, 15). അവനു ഉപദ്രവം സഹിച്ച് വിശ്വാസത്തെ സൂക്ഷിക്കാൻ കഴിയുമായിരുന്നു, പക്ഷേ അവർക്കോ?

## ബെരോവയിൽ ഗുണമുള്ള ഹൃദയങ്ങളെ തേടൽ (17:10-15)

പ്രസിദ്ധമായ ഒളിമ്പിക് പർവ്വതങ്ങളുടെ അടിയിലായി, തെസ്സലൊനിക്യയുടെ[29] നാല്പതു അമ്പതു മൈൽ പടിഞ്ഞാറ് - തെക്കു പടിഞ്ഞാറ് മാറിയാണ് ബെരോവസ്ഥിതി ചെയ്തിരുന്നത്. പൗലൊസും ശീലാസും ഇഗ്നേഷ്യൻ വഴിയിൽ നിരവധി മൈലുകൾ നടന്നു തെക്കോട്ട് നീങ്ങി. ഒരു പക്ഷേ സഹോദരന്മാർ പൗലൊസിനേയും ശീലാസിനേയും സിസേറ "ഔട്ട്-ഓഫ്-ദ-വേ" സിറ്റി, എന്നു വിളിക്കുന്ന വഴിയാകാം അവരെ അയച്ചത്. അങ്ങനെ തെസ്സലൊനിക്യ യെഹൂദന്മാരുടെ വെറുപ്പ് ഒഴിവാക്കാമെന്ന് അവർ വിചാരിച്ചിരിക്കും.[30] എങ്ങനെയായാലും, പൗലൊസിന്റെ ഉള്ളിൽ ബെരോവയായിരുന്നു അടുത്ത പ്രസംഗ സ്ഥലം, ബെരോവയാണെങ്കിൽ മതത്തിനു പ്രചാരവും സമൃദ്ധവുമായതായിരുന്നു.

പൗലൊസിനെയും ശീലാസിനേയും ബെരോവയിലേക്ക് അയച്ചവർ അവർ തെസ്സലൊനിക്യയിലുള്ളവരുടെ മനസ്സു തണുക്കുന്നതുവരെ വേഷപ്രച്ഛന്നരായി അവിടെ കഴിയുമെന്നു വിചാരിച്ചെങ്കിൽ, അവർക്ക് ഈ രണ്ടുപേരെ അറിയില്ലായിരുന്നു. അവർ ബെരോവയിൽ എത്തിയ ഉടനെ, "അവർ യെഹൂദന്മാരുടെ പള്ളിയിൽ പോയി" (വാക്യം 10). അവരെ അതിശയിപ്പിക്കുമാറ്, ബെരോവയിലെ പള്ളിയിൽ നിറയെ ഗുണമുള്ള ഹൃദയങ്ങൾ, ജാതികളായ ദൈവ - ഭക്തർമാത്രമായിരുന്നില്ല, യെഹൂദന്മാരിൽ പെട്ടവരും ഉണ്ടായിരുന്നു: "ഇപ്പോൾ ഇവർ [യെഹൂദന്മാർ][31] തെസ്സലൊനിക്യയിലുള്ളവരേക്കാൾ ഉത്തമ - ന്മാരായിരുന്നു[32] അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ, അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി, തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു" (വാക്യം 11).

എങ്ങനെ സുവിശേഷം പ്രസംഗിക്കണമെന്നാണ് തെസ്സലൊനിക്യയിലെ പ്രവർത്തനം കാണിക്കുന്നതെങ്കിൽ, എങ്ങനെ സുവിശേഷം സ്വീകരിക്കണമെന്നാണ് ബെരോവയിലെ പ്രവർത്തനം കാണിക്കുന്നത് പൗലൊസിനേയും ശീലാസിനേയും കേട്ടവരുടെ നാലു ഗുണങ്ങൾ ലൂക്കൊസ് പറയുന്നുണ്ട്: (1) സ്വീകരിക്കാൻ കഴിവുള്ളവരായിരുന്നു: അവർ "പൂർണ്ണജാഗ്രതയോടെ വചനം കൈകൊണ്ടു." (2) അവർ ജാഗ്രതയുള്ളവരായിരുന്നു: അവർ എല്ലാ ദിവസവും പൗലൊസിനോ ടൊപ്പം ബൈബിൾ പഠിക്കയും പരിശോധിക്കയുമായിരുന്നു. (3) അവർ കരുതലോടെയുള്ളവർ ആയിരുന്നു: ആരോഗ്യപരമായ സംശയം ഉള്ളവരായിരുന്നു. അവർ പൗലൊസും ശീലാസും പറഞ്ഞതു വെറുതെ സ്വീകരിക്കയില്ല പരിശോധിച്ചാണ് സ്വീകരിച്ചത്. ആ കാര്യങ്ങൾ, "തിരുവെഴുത്തിലുണ്ടോ എന്ന് അവർ ഉറപ്പ് വരുത്തി." ഗുണമുള്ള ഹൃദയം ഉണ്ടാവുക എന്നതും കണ്ണടച്ച് എന്തും വിശ്വസിക്കുന്ന ഹൃദയങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. (4) അവർ ദൈവത്തോട് അവന്റെ വചനത്തോടും - ആത്മാർത്ഥതയുള്ളവരായിരുന്നു. മതത്തിൽ അന്തിമാധികാരം തിരുവെഴുത്തുകൾക്കാണെന്ന് അവർ തിരിച്ചറിഞ്ഞു. അവരുടെ മുൻകാല വിശ്വാസമനുസരിച്ചല്ല അവർ പൗലൊസിനെ പരിശോധിച്ചത്. പൗലൊസ് പറഞ്ഞതിന്റെ വെളിച്ചത്തിൽ "പ്രായോഗികമായോ" അല്ലെങ്കിൽ "പ്രാവർത്തികമായോ"

അല്ല പൗലൊസിനെ അവർ പരിശോധിച്ചത്. തിരുവെഴുത്തുകളുടെ വെളിച്ചത്തിലായിരുന്നു അവർ പൗലൊസിന്റെ ഉപദേശത്തെ പരിശോധിച്ചത്! ഒരു അപ്പൊസ്തലനെ അവർ പരിശോധിച്ചതിൽ ലൂക്കൊസ് അവരെ പ്രശംശിച്ചു! നമുക്കു സത്യം കൈക്കൊൾവാൻ കൂടുതൽ ആളുകൾ വേണം പക്ഷേ ആ ഉപദേശം ബൈബിൾ അനുസരിച്ചു സത്യമാണോ എന്ന് അവർ സ്വീകരിക്കുന്നതിനു മുൻപ് ഉറപ്പു വരുത്തണം!

*ട്രൂത്ത് ഫോർ ടുഡെ* എന്ന പ്രാഥമിക പഠന പദ്ധതി വിദേശങ്ങളിൽ, അനേകം പേർ വായിക്കുന്നുണ്ട്: അതു വായിച്ച് ഞാൻ പറയുന്നതു അങ്ങനെ തന്നെ സ്വീകരിക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു! ഞാൻ പറയുന്നതു പരിശോധിക്കുക - അല്ലെങ്കിൽ മറ്റാരായാലും പറയുന്നതു - ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുക. അതു സത്യമാണെങ്കിൽ, സ്വീകരിക്കുക; തെറ്റാണെങ്കിൽ, തിരസ്ക്കരിക്കുക! ഈ പ്രായോഗികത ക്രിസ്തുവിന്റെ സഭയിലുള്ളവർക്കും പുറത്തുള്ളവർക്കും ബാധകമാണ്. ദൈവത്തെ ആളുകൾ അവരുടെ ഏക അധികാരിയായി എടുക്കുന്നതിനു പകരം മനുഷ്യർക്കു "ഊഹിക്കാൻ കഴിയുന്നതിനേക്കാൾ" കൂടുതൽ തെറ്റുകളാണ് അതിലുള്ളത് (1 കൊരിന്ത്യർ 4:6; KJV)!

ബെരോവയിലെ യെഹൂദന്മാരിൽ ഗുണുള്ള ഹൃദയങ്ങൾ ഉണ്ടായിരുന്നതുകൊണ്ട്, "അവരിൽ പലരും മാന്യരായ യവന സ്ത്രീകളും[33] പുരുഷന്മാരിലും, അനേകരും വിശ്വസിച്ചു" (പ്രവൃത്തികൾ 17:12). തെസ്സലൊനിക്യയിൽ "*ചിലർ* [യെഹൂദന്മാർ] വിശ്വസിച്ചു" (വാക്യം 4), എന്നാൽ ബെരോവയിൽ "*അനേകരും* [യെഹൂദന്മാർ] വിശ്വസിച്ചു" (വാക്യം 12; എംഫസിസ് മൈൻ). അങ്ങനെ നാം ഗുണമുള്ള ഹൃദയങ്ങളും ഗുണമില്ലാത്ത ഹൃദയങ്ങളും തമ്മിലുള്ള വ്യത്യാസം കാണുന്നു.

എത്രനാൾ പൗലൊസും ശീലാസും ബെരോവയിൽ താമസിച്ചു എന്നു നമുക്കറിഞ്ഞുകൂടാ, എന്നാൽ ഒരിടവക കൂടെ സ്ഥാപിക്കപ്പെട്ടു. പരിവർത്തകരിൽ പിന്നീട് പൗലൊസിനോടുകൂടെ യാത്ര ചെയ്ത, സോപത്രോസും ഉൾപ്പെടുന്നു (20:4).

ക്രമേണ, പൗലൊസിന്റേയും ശീലാസിന്റേയും വചന വിജയകഥ തെസ്സലൊനിക്യയിലെത്തി. തെസ്സലൊനിക്യയിലെ യെഹൂദന്മാരുടെ കോപം തണുത്തുവെങ്കിൽ, ബെരോവയിലെ അനേകം യെഹൂദന്മാർ ക്രിസ്ത്യാനികളായി തീർന്നതു അവരുടെ കോപം വീണ്ടും ജ്വലിക്കുമാറാക്കി കാണു. പൗലൊസ് ഒഴിഞ്ഞു പോയി എന്നാണവർ വിചാരിച്ചത്, പക്ഷെ അവർ കേട്ടത് അവൻ നാല്പതോ അല്ലെങ്കിൽ അമ്പതോ മൈൽ അകലെ വീണ്ടും പ്രസംഗിക്കുന്നു! പെട്ടെന്ന് അവർ ബെരോവയിലേക്കു നീങ്ങി. "പൗലൊസ് ബെരോവയിലും, ദൈവവചനം പ്രസംഗിക്കുന്നു എന്നു തെസ്സലൊനിക്യയിൽ യെഹൂദന്മാർ അറിഞ്ഞു, അവിടെയും വന്നു പുരുഷാരത്തെ ഇളക്കി ഭ്രമിപ്പിച്ചു" (വാക്യം 13). തെസ്സലൊനിക്യയിൽ പ്രയോഗിച്ചു വിജയിച്ച അതേ തന്ത്രം അവർ അവിടയും പ്രയോഗിച്ചു.

പുരുഷാരത്തിന്റെ കോപം പൗലൊസിനെതിരെ ആയിരുന്നതിനാൽ, ക്രിസ്ത്യാനികൾ അവനെ ദൂരെ അയക്കാൻ തീരുമാനിച്ചു - എതിരാളികളായ തെസ്സലൊനിക്യയിലെ യെഹൂദന്മാർക്ക് അവനെ കണ്ടെത്താനാ

വാത്തത്രേ ദൂരത്തേക്ക് അയച്ചു. വീണ്ടും അവൻ സഹോദരന്മാരാലാണ് അയക്കപ്പെട്ടത്, ഈ സമയത്ത് ഗ്രീസിന്റെ തെക്കുഭാഗത്തുള്ള അഖായി എന്നു വിളിക്കുന്ന അഥേനയിലേക്കാണ് അയച്ചത് (വാക്യങ്ങൾ 14, 15).[34] ഒരിക്കൽ കൂടെ പൗലൊസിന് വിട്ടു പോകാൻ വിഷമമുണ്ടായി കാണും, പക്ഷേ മക്കെദോന്യയിൽ കർത്താവിന്റേയായ മൂന്നു ഇടവകകൾ പിന്നിൽ സ്ഥാപിച്ചിട്ടാണ് പോകുന്നത് എന്ന ചാരിതാർത്ഥ്യമുണ്ട്. ശീലാസും തിമൊഥെയൊസും ബെരോവിയിൽ തന്നെ താമസിച്ചു പുതിയ ക്രിസ്ത്യാനികളെ സഹായിച്ചു വന്നു[35] (വാക്യം 14).

## അഥേനയിൽ ഗുണമുള്ള ഹൃദയങ്ങൾ തേടൽ (17:14, 15)

പൗലൊസും ബൈരോവയിലെ സഹോദരന്മാരും നടന്നാണ് അഥേനയിൽ പോയതെങ്കിൽ, എത്താൻ അനേക ദിവസങ്ങൾ വേണ്ടിവരും. കപ്പലിൽ കുറച്ചു ദിവസം മാത്രം മതി, എന്നതുകൊണ്ട്, അവർ അങ്ങനെയായിരിക്കും യാത്ര ചെയ്തത്. "പൗലൊസിനോടു കൂടെ വഴിത്തുണ പോയവർ അവനെ; ... അഥേനയോളം കൊണ്ടുപോയി; പിന്നെ ... അവർ പുറപ്പെട്ടുപോയി" (വാക്യങ്ങൾ 14, 15).

പൗലൊസിനെ അന്ത്യോക്യാ സഭ അയച്ചശേഷം, ആദ്യമായി അവൻ ഏകനായി – ഏകനായിത്തന്നെ ലോകത്തിലെ ഏറ്റവും വലിയ സ്വാധീന പട്ടണങ്ങളിൽ ഒന്നിലേക്ക് യാത്രതിരിച്ചു. അവൻ ആവേശഭരിതനായ് തോന്നിയേക്കാം, എന്നാൽ (നാം നമ്മുടെ അടുത്ത പാഠത്തിൽ കാണാൻ പോകുന്നതുപോലെ) ഇത് അവനെ ഗുണമുള്ള ഹൃദയങ്ങൾ തേടുന്നതിൽ നിന്നും പിന്തിരിപ്പിച്ചില്ല.

### ഉപസംഹാരം

സാധാരണപോലെ, നമ്മുടെ പുസ്തകം നാം പഠിക്കേണ്ട പാഠങ്ങൾ നിറഞ്ഞിരിക്കയാണ്: (1) നാം തുടർച്ചയായി ദൈവ വചനം പ്രസംഗിക്കണം. പൗലൊസ് "തിരുവെഴുത്തുകളിൽ നിന്നും ... വാദിച്ചു" (വാക്യം 2; കൂടാതെ വാക്യം 13). (2) ഫലം നോക്കാതെ, നാം ദൈവവചനം പ്രസംഗിക്കണം. പൗലൊസ് "ചില" യെഹൂദന്മാരെ തെസ്സലൊനിക്യയിലും "അനേകം" യെഹൂദന്മാരെ ബെരോവയിലും സ്നാനപ്പെടുത്തി, എന്നാൽ രണ്ടു സ്ഥലത്തും ഒന്നു തന്നെ പ്രസംഗിച്ചു. നാം ഉപദേശിക്കയും പ്രസംഗിക്കയും ചെയ്യുന്നതിൽ വിശ്വസ്തരായിരിക്കണം, ഫലം ദൈവത്തിൽ വിടണം (1 കൊരിന്ത്യർ 3:7). (3) നാം പറയുന്നതുകൊണ്ട് മാത്രം അവർ സ്വീകരിക്കണമെന്ന് നമ്മുടെ ശ്രോതാക്കളോട് നാം പറയരുത്. മറിച്ച്, നാം ഉപദേശിക്കുന്നതെല്ലാം (അല്ലെങ്കിൽ ആരെന്ത് ഉപദേശിച്ചാലും) അതു തിരുവചനവെളിച്ചത്തിൽ പരിശോധിക്കണം (വാക്യം 11)! (4) നാം വിശ്വസ്തമായി ദൈവ വചനം പ്രസംഗിച്ചാൽ, അതു ആളുകളെ ഉണർത്തും – അതു നന്മക്കോ അല്ലെങ്കിൽ തിന്മക്കോ ആകാം. നമ്മിൽ ചിലർ അമിത കരുതലുള്ളവരാണ്; നാം ആരെയെങ്കി ലും നീരസപ്പെടുത്തി എന്നു ഭയപ്പെടും. വെറുതെയല്ല ഒരു കുട്ടി ഒരിക്കൽ പറഞ്ഞു, "ബൈബിൾ അവസാനിപ്പിക്കുന്നതു വിപ്ലവത്തോടുകൂടി ആണ്" എന്ന്.

ഗുണമുള്ള ഹൃദയങ്ങളെ തേടേണ്ടതിന്റെ പ്രാധാന്യത്തെയാണ്, എങ്ങനെയായാലും, ഈ പാഠത്തിൽ നാം അവതരിപ്പിച്ചത്. നാം കണ്ട തുപോലെ, ഗുണമുള്ള ഹൃദയങ്ങൾ ദൈവവചനം എത്തുമ്പോൾ സ്വീക രിക്കും; ദുഷ്ടഹൃദയങ്ങൾ ദൈവ വചനത്തെ തള്ളിക്കളയും. എങ്ങനെ ഒരാൾക്കു ഗുണമുള്ള ഹൃദയങ്ങളെ കണ്ടെത്താൻ കഴിയും? നിർഭാഗ്യ വശാൽ, നമുക്കു ചുറ്റും ആളുകൾ എഴുതിവെച്ചല്ല നടക്കുന്നതു: "എനിക്ക് ഗുണമുള്ള ഹൃദയമുണ്ട്" അല്ലെങ്കിൽ "എനിക്ക് മോശമായ ഹൃദയമാണ് ഉള്ളത്." ഗുണമുള്ള ഹൃദയങ്ങളെ കണ്ടെത്തുവാൻ എനിക്കറിയാവുന്ന വഴി പൗലൊസും ശീലാസും ചെയ്തതാണ്: അനുകൂല സാഹചര്യ ത്തിലും പ്രതികൂല സാഹചര്യത്തിലും യേശു ക്രിസ്തുവിനെകുറിച്ചു പറഞ്ഞുകൊണ്ടേയിരിക്കുക (2 തിമൊഥെയൊസ് 4:2), ഒരാൾ ക്രിയാ ത്മകമായി അതിനോടു പ്രതികരിക്കുമ്പോൾ സന്തോഷിക്കുക. അഭിന ന്ദനം! നിങ്ങൾ ഒരു ഗുണമുള്ള ഹൃദയം കണ്ടെത്തി![36]

## **പ്രസംഗകുറിപ്പുകൾ**

വാരെൻ വിയേഴ്സ്ബേ എന്നയാൾ 17-ാം അദ്ധ്യായത്തിന്റെ രൂപ രേഖ ഇങ്ങനെ തയ്യാറാക്കി: (1) തെസ്സലൊനിക്യ - വചനത്തെ പ്രതിരോ ധിച്ചു, (2) ബെരോവ - വചനത്തെ കൈക്കൊണ്ടു, (3) അഥേന - വച നത്തെ പരിഹസിച്ചു (*ദ ബൈബിൾ എക്സ് പൊസിഷൻ കമെന്ററി,* വാല്യം. 1).

ഈ പാഠത്തിലൂടെ നിങ്ങൾ കണ്ണോടിച്ചാൽ, മുഖ്യ പോയിന്റു കൾകൾക്കായി എണ്ണി നോക്കിയാൽ, ധാരാളം വിഷയങ്ങളുള്ള പാഠ ങ്ങൾ കണ്ടെത്താൻ കഴിയും.

എല്ലാ മതപരമായ ഉപദേശങ്ങളെയും ഒരു വചന വെളിച്ചത്തിൽ പരിശോധിക്കേണ്ടതിന്റെ ആവശ്യകതയും ദിവസേന ബൈബിൾ പഠി ക്കേണ്ടതിന്റെ ആവശ്യകതയും ഉൾപ്പെടുത്തി പ്രവൃത്തികൾ 17:11 ഒരു വലിയ പ്രസംഗ വിഷയമായി എടുക്കാം.

---

കുറിപ്പുകൾ

[1]ചിലർ ഇങ്ങനെ വിചാരിക്കുന്നതു പിന്നീട് 16:40 ലും 17:1 ലും പിന്നീട് ഉപയോഗിച്ച "അവർ" എന്നതു പൗലൊസും, ശീലാസും ആകകൊണ്ടാണ്. തിമൊഥെയൊസിനെ അടുത്തു പറഞ്ഞതു ബെരോവയിൽ (17:14). തീർച്ചയായും, പറയാതെ തന്നെ പൗലൊ സിനേയും ശീലാസിനേയും വിട്ട് തിമൊഥെയൊസ് പോയിരു ന്നേക്കാം. [2]ഈ പുസ്ത കത്തിൽ തന്നെ വരുന്ന "പൗലൊസിന്റെ ഒന്നാമത്തേയും രണ്ടാമത്തേയും മിഷണറി യാത്ര സൂചിപ്പിക്കുന്ന പടം" നോക്കുക. [3]അംഫിപൊലിസ് ഏതാണ്ട് മുപ്പതു മൈൽ അകലെയാണ്, അപ്പൊല്ല്യോന്യ ഏതാണ്ട് മുപ്പതു മൈലിൽ താഴെയും ദൂരമുണ്ട്, തെസ്സ ലൊനിക്യ വീണ്ടും മുപ്പതി - ലധികം മൈൽ ദൂരെയാണ്. [4]പൗലൊസിന്റെ സുവിശേഷീ കരണ രീതി, ആദ്യം ജനസംഖ്യ കൂടുതലുള്ള പ്രദേശംപിന്നെ അവിടെ നിന്നു മറ്റു പ്രാദേ ശങ്ങളിലേക്കു വ്യാപിപ്പിക്കുക എന്നതായിരുന്നു. അംഫിപ്പൊലിയിലും അപ്പലൊന്യയിലും

തെസ്സലൊനിക്യയിൽ നിന്നും ഫിലിപ്പയയിൽ നിന്നു വ്യാപിപ്പിക്കുവാൻ ഉദ്ദേശിച്ചിരുന്നു (1 തെസ്സലൊനിക്യർ 1:8). [5]മുൻപു റോമുമായി തെസ്സലൊനിക്യ സംഖ്യത്തിലായിരുന്നതുകൊണ്ട് പ്രതിഫലമായി അവരെ സ്വതന്ത്രരാക്കി. അതിനർത്ഥം ആ പട്ടണം സ്വയഭരണത്തിലായിരുന്നു എന്നാണ്, അതുകൊണ്ട് റോമാനഗരത്തിനു പകരം, ഒരു ഗ്രീക്കു നഗരമായി മാറി. [6]ഈ പട്ടണം (ഇന്ന് സലോനിക്യ എന്നറിയപ്പെടുന്നു) യൂറോപ്പിന്റെ തെക്കു കിഴക്കുള്ള ഒരു തുറമുഖ പട്ടണമാണിന്നും. [7]ഇതിനർത്ഥം അവർ തെസ്സലൊനിക്യയിൽ മൂന്നാഴ്ച്ചയേ ഉണ്ടായിരുന്നുള്ളു എന്നല്ല. പൗലൊസ് ആ പട്ടണത്തിലായിരുന്നപ്പോൾ ആദ്യത്തെ മൂന്നാഴ്ച്ച എന്തു ചെയ്തു എന്നു സൂചിപ്പിക്കുകയാണ്. [8]അവൻ ഇതു എങ്ങനെ ചെയ്തു എന്നതിനു ഉദാഹരണമായി, പിസിദ്യയിലെ അന്ത്യോക്ക്യയിലെ പള്ളിയിൽ പൗലൊസ് പ്രസംഗിച്ചതു നോക്കുക (13:16–41). [9]ഹ്യൂഗോ മെക്കോർഡ് പറയുന്നത് "ജോയിന്റ് കമ്പനി വിത്ത്" എന്നാണ് (മെക്കോർഡ് ന്യൂ ടെസ്റ്റമെന്റ് ട്രാൻസിലേഷൻ ഓഫ് ദ എവർ ലാസ്റ്റിങ്ങ് ഗോസ്പെൽ). ഗ്രീക്കിൽ "ത്രൂ ഇൻ ദെയർ ലോട്ട് വിത്ത്" എന്നാണ്. [10]പ്രവൃത്തികൾ, 2-ാം ലക്കത്തിലെ ശബ്ദസംഗ്രഹത്തിലെ "ദൈവ - ഭക്തർ" എന്ന വാക്ക് നോക്കുക.

[11]വെസ്റ്റേൺ ടെക്സ്റ്റ് അനുസരിച്ച്, "ലീഡിങ്ങ് വിമെൻ" സൂചിപ്പിക്കുന്നതു പട്ടണത്തിലെ നായകന്മാരുടെ ഭാര്യമാരാണ്. ജാതികളിലെ സ്ത്രീകൾ അനേകർ യെഹൂദമത്തിലെ ധാർമ്മികതയും വിശ്വാസവും ഇഷ്ടപ്പെടുകയുണ്ടായി. സാധാരണപോലെ, ലൂക്കൊസ് സ്ത്രീകളുടെ പങ്കിനെ ഉയർത്തികാണിച്ചിരിക്കുന്നു. [12]1 മുതൽ 4 വരെയുള്ള വാക്യങ്ങളിൽ തെസ്സലൊനിക്യയിലെ പൗലൊസിന്റെ ആദ്യത്തെ മൂന്നാഴ്ച്ചത്തെ പ്രവർത്തനവും 5 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ അവന്റെ താമസത്തിലെ അവസാന ഭാഗവും വിവരിക്കുന്നതുകൊണ്ട്, 4-ാം വാക്യത്തിനും 5-ാം വാക്യത്തിനും ഇടയിൽ സ്പഷ്ടമായും പൗലൊസിന് തെസ്സലൊനിക്യയിലെ പ്രവർത്തനത്തിൽ ഒരു ഇടവേള ഉണ്ടായിരുന്നു എന്നു മനസിലാക്കാം. [13]എങ്ങനെയായാലും, ഒരിക്കൽകൂടെ, അവർക്കു ഫിലിപ്പിയ സഭയിൽ നിന്നു ഏതാനു സഹായം ലഭിച്ചു (ഫിലിപ്പിയർ 4:15, 16). [14]അരിസ്തൊർഹൊസ് യെഹൂദനായിരുന്നു എന്നും സെക്കുന്തോസ് ഗ്രീക്കുകാരനായിരുന്നു എന്ന് അവരുടെ പേരുകൾ കൊണ്ട് ആളുകൾ ഊഹിച്ചിട്ടുണ്ട്. [15]14:22 ശ്രദ്ധിക്കുക. [16]ഇതിനു മുൻപും ഇത്തരം അസൂയകൾ നാം കണ്ടിട്ടുണ്ട് (13:45). [17]"ദൈവസഹായത്താൽ ജീവിതങ്ങൾമാറുന്നു" എന്നതിലെ 16:19 ന്റെ നോട്ടുകൾ നോക്കുക. [18]എഫ്.എഫ്. ബ്രൂസിന്റെ തർജ്ജിമയിൽ "അഗോറയിലെ ചിലർ ഏതു ദ്രോഹത്തിനും റെഡിയായ വ്യക്തികളെ പറയുന്നുണ്ട്" (ബ്ര്യൂസ്, *ദ ബുക്ക് ഓഫ് ആക്ട്സ്,* റെവ.ഈഡി. [ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയു.എം.സി.ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1988], 323). [19]ഗ്രീക്കുകാർ ഈ പ്ലാറ്റ്ഫോമിനെ *ബീമാ* എന്നു വിളിച്ചിരുന്നു; റോമാക്കാർ ഇതിനെ *റോസ്ടം* എന്നു വിളിച്ചിരുന്നു (18:12 ന്റെ നോട്ട് നോക്കുക). അതു പലകാര്യങ്ങൾക്കായി ഉപയോഗിച്ചിരുന്നെങ്കിലും പലപ്പോഴും പ്രസംഗിക്കുന്നവരുടെ പ്ലാറ്റ്ഫോമായിട്ടാണ് ഉപയോഗിച്ചിട്ടുണ്ട്. [20]യാസോൻ ക്രിസ്ത്യാനിയായിരുന്നോ എന്നു നമുക്ക് അറിയില്ല. "യാസോനും" "സഹോദരന്മാരും" തമ്മിൽ ചില വ്യത്യാസങ്ങൾ വേദഭാഗഗത്തിൽ പ്രകടിപ്പിക്കുന്നതായി തോന്നാം (വാക്യം 6). ചിലർ അല്ല എന്നു, വിചാരിക്കുന്നുവെങ്കിലും, ഞാൻ ആയിരുന്നു, എന്നു കരുതുന്നു. ചിലർ വിചാരിക്കുന്നത്, എങ്ങനെയായാലും, ഈ യാസോനാണ് റോമർ 16:21-ൽ ഉള്ളത് എന്നാണ്. അങ്ങനെയെങ്കിൽ, അവൻ പിന്നീട് കൊരിന്തിലേക്കു ചെന്നു.

[21]പൗലൊസിന്, ദൈവകൃപയാൽ, പലപ്പോഴും (എല്ലായിപോഴും അല്ല) കുഴപ്പങ്ങൾ സംഭവിക്കുന്നതിനു മുൻപ് മുന്നറിയിച്ചിട്ടുണ്ട്. ഒരു പക്ഷേ അതായിരിക്കാം ഇവിടെ സംഭവിച്ചത്. [22]വർഷങ്ങളോളം, ലൂക്കൊസിന്റെ "ഹോളിടാർക്സ്" എന്ന വാക്കിന്റെ ഉപയോഗം ലൗകിക എഴുത്തുകളിൽ കാണാത്തതുകൊണ്ട് സംശയാലുക്കൾ വെല്ലുവിളി ഉയർത്തിയിട്ടുണ്ട്. പിന്നെ തെസ്സലൊനിക്യയിൽ വാർഡാർ ഗെയിറ്റ് കണ്ടെടുത്തു. അതിൽ പട്ടണത്തിന്റെ ആറാം പോളിടാർക്സ് എന്ന മേലെഴുത്ത് ഉണ്ടായിരുന്നു. അതിനുശേഷം,

അത്തരം പല മേലെഴുത്തും കണ്ടെടുത്തിട്ടുണ്ട്. [23]യാസോൻ ക്രിസ്ത്യാനിയാണെങ്കിൽ, ഒരു പക്ഷേ അവൻ - ലുദിയയെ പോലെ (16:15, 40) - പരിവർത്തനശേഷം പൗലൊസിനേയും ശീലാസിനേയും ഭക്ഷണത്തിനു വീട്ടിലേക്കു ക്ഷണിച്ചിരുന്നു. [24]ഈ വാക്കുകളിന്മേൽ യെഹൂദന്മാർ ഞെരുങ്ങിയിരുന്നേക്കാം. ക്ലൗദ്യോസ് കൈസർ അവരുടെ ശത്രുവായിരുന്നു (18:2), എന്നാൽ അവന്റെ കല്പനകൾ കാത്തുകൊള്ളുന്നു എന്നു അവർ വരുത്തി തീർക്കുകയായിരുന്നു! ദുഷ്ഠ ഹൃദയങ്ങളിലെ ദുഷ്ടതക്കു പരിധിയില്ലായിരുന്നു. [25]യേശുവിനെ കുറിച്ചു ഇതേ ആരോപണം അവൻ ഇവിടെ ജീവിച്ചിരുന്നപ്പോൾ ഉയർന്നിരുന്നു (ലൂക്കൊസ് 23:2). [26]ഞാൻ ഇതിനെ "മനഃപ്പൂർവ്വം ആളിനെതെറ്റായി അവതരിപ്പിക്കുന്നതായി" പറഞ്ഞതിനു കാരണം ഉയിർത്തെഴുന്നേല്പ് പ്രസംഗിക്കുന്നതിന്റെ ഭാഗമായി, സുവിശേഷ പ്രാസംഗികന്മാർ, യേശു മടങ്ങി സ്വർഗ്ഗത്തിൽ പോയി എന്നാണ് പ്രസംഗിക്കുന്നത്. അവന് അതു കഴിയാത്തതുകൊണ്ട്, എതിരായ ഒരു ഭൗമിക രാജാവായി എന്നാണ് പറയുന്നത്. [27]KJVയും RSVയും കാണുക. [28]അവർ അധികാരികളെ "ഉണർത്തിയേക്കാം," എന്നാൽ യാസോനോടും മറ്റുള്ളവരോടും മൃദുവായിട്ടാണ് പെരുമാറിയത്, കുറ്റത്തിന്റെ ഗൗരവം നോക്കിയാണത്. അവരുടെ ആരോപണങ്ങൾക്കു വാസത്വത്തിൽ തെളിവൊന്നുമില്ലായിരുന്നു. [29]ഈ പുസ്തകത്തിലെ "പൗലൊസിന്റെ ഒന്നാമത്തെയും രണ്ടാമത്തെയും മിഷണറി യാത്രയെ കുറിക്കുന്ന പടം നോക്കുക." [30]പൗലൊസിന്റെ പദ്ധതി പടിഞ്ഞാറ് ഇഗ്നേഷൻ വഴി പ്രധാന പട്ടണങ്ങളിൽ പ്രസംഗിക്കുക എന്നതായിരുന്നു എന്നു പറയപ്പെടുന്നു, അതു റോമിൽ എത്തുന്നതുവരെ (റോമർ 1:13; 15:22). അതായിരുന്നു അവന്റെ പദ്ധതി എങ്കിൽ, ദൈവം ഇടപെട്ട് അവന്റെ പദ്ധതി മാറ്റിയിരിക്കാം.

[31]തെസ്സലൊക്യയിലുള്ളവരും ബെരോവയിലുള്ളവരും തമ്മിലുള്ള വ്യത്യാസമാണ് - ലൂക്കൊസ് അവിടെ പറയുന്നതെന്നാണ് വർഷങ്ങളോളം ഞാൻ വിചാരിച്ചത്. എങ്ങനെയായാലും, ഞാൻ അന്തിമമായി, അവിടെ പറയുന്നതു തെസ്സലൊനിക്യയിലെ യെഹൂദന്മാരും ബെരോവയിലെ യെഹൂദന്മാരും തമ്മിലുള്ള വ്യത്യാസമാണെന്ന് തിരിച്ചറിഞ്ഞു. [32]മൂലഗ്രന്ഥത്തിൽ "മോർ നോബിൾ" എന്നാണ്. "നോബിൾ" എന്നതു ഗ്രീക്കുകാരുടെ ഉപയോഗമായിരുന്നു. ഉത്തമ ജനനത്തെ സൂചിപ്പിച്ച് ഈ വേദഭാഗത്ത്, സ്വഭാവ വിശേഷത്തെ എടുത്തുകാണിക്കുന്നു. ഉത്തമമായ ജ്ഞാനത്തേക്കാൾ ഉത്തമമായ സ്വഭാവമാണ് വേണ്ടത് എന്നതിനാൽ ലൂക്കൊസ് മനപ്പൂർവ്വമായി അതു ഉപയോഗിച്ചതാകാം. [33]സ്ത്രീകളുടെ പങ്കിനെ കുറിച്ച് ലൂക്കൊസിന്റെ ഊന്നൽ വീണ്ടും ശ്രദ്ധിക്കുക. ഈ വേദഭാഗത്ത് പുരുഷന്മാർക്കു മുമ്പായി അവരെ പറയുന്നു. [34]പൗലൊസിനോടു കൂടെ സഹോദരന്മാർ പോയപ്പോൾ, അവരുടെ മനസിൽ പ്രത്യേക ലക്ഷ്യം ഉണ്ടായിരുന്നോ എന്നതിനെകുറിച്ച് ചോദ്യങ്ങൾ ഉയർത്തുന്നതാണ് ചില പുരാതന കയ്യെഴുത്തു പ്രതികൾ. അതായതു അവർ അഥേനയിലേക്ക് കടൽ വഴി പോകണോ അതോ കരമാർഗ്ഗം പോകണോ, ഞാൻ ഇതിൽ നല്കിയതു കൂടുതൽ സാദ്ധ്യതയുള്ളതാണ്. പക്ഷേ മറ്റു സാദ്ധ്യതകളും ഉണ്ടാകാം. [35]ഇതു പരിശുദ്ധാത്മാവിന്റെ ആശയമോ, അതോ പൗലൊസിന്റേതോ, അതോ സഹോദരന്മാരുടേതോ എന്നു നമുക്ക് അറിയില്ല. ആശയം ആരുടേതായിരുന്നാലും, അത്യാവശ്യമില്ലാതെ പൗലൊസ് ബെരോവയിൽ കൂടുതൽ പാർക്കുവാൻ ആഗ്രഹിച്ചില്ല (വാക്യം 15). [36]ഈ പാഠം ഒരു പ്രസംഗം ആയി ഉപയോഗിക്കുകയാണെങ്കിൽ, സന്നിഹിതരാകുന്നവർക്കു അവരുടെ ഹൃദയങ്ങളെ പരിശോധിക്കുവാനുള്ള വെല്ലുവിളി സ്വീകരിച്ച് അവരുടെ ഹൃദയങ്ങൾ ഗുണമുള്ളവയോ എന്നു കണ്ടെത്താം. പരിശോധന യേശുവിന്റെ ക്ഷണത്തെ അവർ ക്രിയാത്മകമായി പ്രതികരിക്കുമോ ഇല്ലയോ എന്നതനുസരിച്ചായിരിക്കും.